# യഥാർത്ഥ സ്നേഹിതൻ



സ്നേഹം നിറഞ്ഞ കുടുംബാന്തരീക്ഷത്തി
ലാണ് ആനന്ദും അഖിലും വളർന്നത്. അച്ഛനും
അമ്മയും ഉൾപ്പെടുന്ന ഈ നാലംഗ കുടുംബം
വളരെ സന്തോഷത്തോടെ ജീവിച്ചു വരവേ, ഒരപ
കടത്തിൽ അച്ഛനും അമ്മയും മരിച്ചു. എങ്കിലും ആ
ദുഃഖത്തിൽ നിന്നും കഠിന പ്രയത്നത്തിലൂടെ
ആനന്ദും അഖിലും പഠനത്തിൽ മുന്നേറി. രണ്ടു
പേരും പഠിച്ച് വക്കീലന്മാരായിത്തീർന്നു.
ജ്യേഷ്ഠനായ ആനന്ദ് വിശ്വസ്തതയും സത്യസന്ധ
തയുമുള്ള വക്കീലാണ്. എന്നാൽ അഖിൽ പണത്തി
നുവേണ്ടി വളഞ്ഞവഴികൾ തേടി. പണത്തിനോടുള്ള
ആർത്തി അവനെ വലിയൊരു കൊള്ളക്കാരനാക്കി
ത്തീർത്തു. അവനെ നിയമം പിടിച്ച സന്ദർഭങ്ങളിൽ
ആനന്ദ് അവനുവേണ്ടി പിഴയടച്ചുകൊണ്ടിരുന്നു.
അനുജനെ പല പ്രാവശ്യം ഗുണദോഷിച്ചിട്ടും അവ
നിൽ യാതൊരു മാറ്റവും ഉണ്ടാകാത്തതിൽ ആനന്ദ്
ദുഃഖിച്ചു. അങ്ങനെയിരിക്കെ ഒരു കൊലപാതകക്കേ
സിൽ അഖിൽ പ്രതിയായി. സത്യസന്ധതയും വിശ
സ്തതയും മൂലം ആനന്ദ് അപ്പോഴേയ്ക്കും ഒരു
ജഡ്ജിയായി ഉയർത്തപ്പെട്ടിരുന്നു. തന്റെ അനുജന്റെ
കുറ്റവിചാരണ തന്റെ മുൻപിലെത്തിയപ്പോൾ, വധ
ശിക്ഷ തന്നെ അദ്ദേഹം അനുജനു വിധിച്ചു. ജയി
ലിൽ അടയ്ക്കപ്പെട്ട അഖിൽ തന്റെ ജ്യേഷ്ഠനു
സ്നേഹമില്ലെന്നും ക്രൂരനാണെന്നും ചിന്തിച്ചു നിരാ
ശനായി കിടന്നു. എന്നാൽ വിധി നടപ്പാക്കുന്ന
ദിവസം ആനന്ദ് അഖിലിന്റെ അടുക്കൽ ചെന്നു, ആ
സ്ഥാനം ഏറ്റെടുത്തു. തന്റെ വസ്ത്രം മാറ്റി വെച്ച്
അഖിലിന്റെ വസ്ത്രം എടുത്തണിഞ്ഞ് കൊലമരത്തി
ലേയ്ക്കു പോയി. ആനന്ദിന്റെ പ്രതിപകര

മരണത്താൽ അഖിൽ സ്വതന്ത്രനായി. നീതിയുടെ (ജഡ്ജിയുടെ) വസ്ത്രമണിഞ്ഞ് പുറത്തിറങ്ങിയ അഖിൽ നീതിമാനായി ഗണിക്കപ്പെട്ടു. അവനിലെ കൊലപാതകിയെ ആരും തിരിച്ചറിഞ്ഞില്ല. സ്വന്തം ജീവൻ സഹോദരന്റെ പാപത്തിനുവേണ്ടി അർപ്പിച്ച സ്നേഹമാണ് യഥാർത്ഥ സ്നേഹം.

ഈ നിലയിൽ മറ്റുള്ളവർക്കുവേണ്ടി ജീവൻ അർപ്പിച്ച ഒരു വ്യക്തിയെ ഞാൻ താങ്കൾക്ക് പരിചയപ്പെടുത്തട്ടെ. ഒരു പക്ഷെ, ഈ കഥയിലെ അഖിൽ താങ്കളാകാം! ജീവിതത്തിൽ നിരാശയും ദുഃഖവും നിറഞ്ഞ് ഏകാന്തചിന്തയോടെ ജീവിക്കുന്ന വ്യക്തി. ജീവിതത്തിൽ വന്നുപോയ തെറ്റിനെക്കുറിച്ച് പശ്ചാത്തപിച്ചിട്ടും വിടുതൽ പ്രാപിക്കാനാവാത്ത വ്യക്തി. ഒരിറ്റു സ്നേഹം ആഗ്രഹിക്കുന്ന വ്യക്തി, അതുമല്ലെങ്കിൽ സ്നേഹിതരെന്ന് നടിച്ചു വന്നവരുടെ ചതിക്കുഴിയിൽ വീണു തകർന്ന മനസ്സുമായി ജീവിക്കുന്ന വ്യക്തി. സാഹചര്യം എന്തുമായിക്കൊള്ളട്ടെ! താങ്കളെ യഥാർത്ഥമായി സ്നേഹിക്കുന്ന ഒരു വ്യക്തി. ഒരു നല്ല സ്നേഹിതൻ ഉണ്ട്. ആ സ്നേഹിതനെ പരിചയപ്പെടുത്തും മുൻപ് ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു.

നമ്മുടെ ജീവിതത്തിൽ നിരാശയും ദുഃഖവും കോപവും ചതിവും ഒക്കെ സംഭവിക്കുന്നത് നമ്മിൽ അന്തർലീനമായിരിക്കുന്ന പാപം നിമിത്തമാണ്. ജീവിതത്തിൽ തെറ്റായ വഴികൾ തിരഞ്ഞെടുക്കാൻ, തെറ്റു ചെയ്യാൻ, തെറ്റിൽ മനപ്പൂർവ്വം ചെന്നു ചാടാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു.

ഇന്ന് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ നാം വളരെ ഉന്നതി പ്രാപിച്ചെങ്കിലും പാപവും അതിനൊത്ത് വളരുന്നു. മാനഭംഗം, പെൺവാണിഭം, അക്രമം, വ്യഭിചാരം, സ്വവർഗ്ഗരതി തുടങ്ങി പ്രകൃതിവിരുദ്ധവും അധാർമ്മികവുമായ കാര്യങ്ങൾ പെരുകുന്നു. ഈ സാഹചര്യത്തിൽ നമ്മിലെ നീതിബോധം മുറിപ്പെടുകയും നാം അസ്വസ്ഥരാകുകയും ചെയ്യുന്നു. സകല മനുഷ്യരുടെയും ഗതി ഇതാണ്. "എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു". (റോമ:6:12) എന്ന് ബൈബിൾ പറയുന്നു.

"പാപത്തിനുള്ള ശമ്പളമാണ് മരണം". (റോമ:6:25) അത് ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്. ഈ ബോദ്ധ്യം ദൈവം നമ്മുടെ മനസാക്ഷിയിൽ നൽകിയിട്ടുണ്ട്. ഇതാണ് നമ്മിൽ നിരാശയുളവാക്കുന്നത്. ദൈവത്തിങ്കലേയ്ക്ക് നാം തിരിയണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെങ്കിലും നാം സ്വന്തവഴികളിലേക്ക് തിരിയുന്നത് നിമിത്തം ലക്ഷ്യബോധമില്ലാത്ത അവസ്ഥയിൽ ജീവിതാവസാനത്തിലെത്തുന്നു.

താങ്കൾ വാസ്തവത്തിൽ സ്നേഹം ആഗ്രഹിക്കുന്നുവോ? എങ്കിൽ ആ നല്ല സ്നേഹിതനെ ഞാൻ പരിചയപ്പെടുത്താം. നസറായനായ യേശു തന്നെ.

**മാനുഷിക സ്നേഹങ്ങൾ ഒരു പക്ഷെ പ്രഹസനമാകാം, ചതിക്കുഴിയാകാം, സ്വാർത്ഥതാൽപ്പര്യമുള്ളതാകാം. അതിൽ ആശ്രയിച്ചാൽ നിരാശ തന്നെ ഫലം.** എന്നാൽ യേശുവിന്റെ സ്നേഹം നിസ്വാർത്ഥമാണ്, ചതിവില്ല.

നാം പാപികളും അതിക്രമക്കാരും ശത്രുക്കളും ആയിരിക്കുമ്പോൾ തന്നെ യേശു നമ്മെ സ്നേഹിച്ചു (റോമ:5:6-10). ആ സ്നേഹമാണ് കാൽവറി ക്രൂശിൽ നമുക്കു കാണുവാൻ സാധിക്കുന്നത്. ദൈവപുത്രനായ യേശുവിൽ വിശ്വസിക്കുന്ന ഏവനും രക്ഷ പ്രാപിക്കേണ്ടതിന് അവൻ നമുക്കു പകരക്കാരനായി. അതുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഒരു ശിക്ഷാവിധിയുമില്ല.

ആകയാൽ രക്ഷയ്ക്കായി, നിത്യസന്തോഷത്തിനും സമാധാനത്തിനുമായി നാം ഒരു കർമ്മവും ചെയ്യേണ്ടതില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ സൗജന്യമായാണ് ലഭിക്കുന്നത്. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ (ക്രിസ്തുവിൽ) വിശ്വസിക്കുക എന്നതാണ് രക്ഷയ്ക്കുള്ള പ്രമാണം.

പാപിയാണ് എന്നു ദൈവസന്നിധിയിൽ സമ്മതിക്കുകയും, യേശുക്രിസ്തു ക്രൂശിൽ മരിച്ചത് താങ്കളുടെ പാപപരിഹാരത്തിനുവേണ്ടിയാണെന്ന് വിശ്വസിക്കുകയും, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുകയും ചെയ്യുക. അപ്പോൾ താങ്കൾ രക്ഷിക്കപ്പെടും. ദൈവസ്നേഹം നിങ്ങൾക്ക് അനുഭവമാകും, നിരാശ മാറും.

കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾക്കെഴുതുക.

(SJP)

**Logos Brethren Fellowship**
Opp. Village Office
Maneed P.O., Ernakulam - 682 726
Mobile: 9744706373
E-mail: logosmedia@mail.com